# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി-7/1699/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 17/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി-7/1699/23 തീയ്യതി: 17/11/2023

## കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി പി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സജിമോൾ വി , സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിമ്മിമോൾ മാന്തവൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വിനോദ് കെ. | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീമതി മല്ലിക ആർ, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2022 | 10-10-2022 |
| ശ്രീ.ജോമോൻ മാത്യൂ | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗ്രീഷ്മ ജി | അസി.എഞ്ചിയനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സുദീപ് റ്റി.ജെ. | വി.ഇ.ഒ., കൊഴുവനാൽ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രവീൺ കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, ചേർപ്പുങ്കൽ | 01-04-2022 | 31-03-2023 |
| ഡോ.ദിവ്യ ജോർജ്ജ് റ്റി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, മേവട | 01-04-2022 | 31-03-2023 |
| ഡോ.കുര്യാക്കോസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജലി | മെഡിക്കൽ ഓഫീസർ, അയൂർവേദം | 01-04-2022 | 31-03-2023 |
| ശ്രീ.ലിബീഷ് മാത്യൂ | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷെറിൻസ് ജോർജ്ജ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 20-01-2023 |
| ശ്രീമതി മിനി കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-01-2023 | 31-03-2023 |
| ശ്രീമതി അമല മാത്യൂ | വി.ഇ.ഒ., മേവട | 01-04-2022 | 21-05-2022 |
| ശ്രീ.സുദീപ് റ്റി.ജെ. | വി.ഇ.ഒ., മേവട | 22-05-2022 | 11-09-2022 |

| | | | |
|---|---|---|---|
| ശ്രീ.ലൗജിൻ സണ്ണി | വി.ഇ.ഒ., മേവട | 12-09-2022 | 31-03-2023 |
| ശ്രീ.രാജീവ് സി. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺടിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തികനില | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതിഅവലോകനം. | 1-5 |
| 10 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തി**ൽ** വസ്തുനികുതിയി**ൽ** വ**ർ**ദ്ധനവ് വരുത്തിയിട്ടില്ല | 1-11 |
| 16 | തോടനാൽ സർവ്വീസ് സഹകരണ ബാങ്കി**ൽ** നിക്ഷേപിച്ചിരിക്കുന്ന 45206/- രൂപ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-12 |
| 17 | കാലഹരണപ്പെട്ട നിക്ഷേപം തിരിച്ചു ന**ൽ**കുകയോ കണ്ടുകെട്ടുകയോ ചെയ്തിട്ടില്ല. | 1-13 |
| 18 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ -ചെലവഴിക്കാതെ അവശേഷിക്കുന്നത് പഞ്ചായത്ത് ഫണ്ടിന് ബാധ്യത | 1-14 |
| 19 | അധിക വിഭവ സമാഹരണം | 1-15 |
| 20 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വില സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. | 1-16 |
| 21 | വികസന പദ്ധതികളുടെ ഉദ്ഘാടനം-തുടർ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. | 1-17 |
| 22 | ദിവസ വേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ നിയമനം - സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-18 |
| 23 | വാഹനങ്ങളുടെ പരിപാലനം | 1-19 |

| | | |
|---|---|---|
| 24 | പഴയ യുപിഎസ് ബാറ്ററി - ലേല നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 25 | ദുരിതാശ്വാസ നിധി - അപേക്ഷകളുടെ ആധികാരികത സബ്കമ്മിറ്റി പരിശോധിക്കേണ്ടതാണ് | 1-21 |
| 26 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് വിവരങ്ങൾ ആധികാരികമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. | 1-22 |
| 27 | NREGA ഭരണച്ചെലവ് ആകെ ചെലവിന്റെ അഞ്ച് ശതമാനത്തിൽ അധികരിക്കാതിരിക്കാൻ നടപടി സ്വീകരിക്കുക | 1-23 |
| 28 | പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-24 |
| 29 | വനിത ഫിറ്റ്നെസ് സെന്റർ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-25 |
| 30 | പന്ന്യാമറ്റം എസ്. സി. സാംസ്കാരിക നിലയത്തിന് ടോയിലറ്റ്-ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. | 1-26 |
| 31 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-27 |
| 32 | ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തിർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൊഴുവനാൽ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11/05/2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 22/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊഴുവനാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

### 1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

### 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 25.03.2022തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 17.03.23 തീയതിയിലെ I/2-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ആദ്യം പാസ്സാക്കിയ ബജറ്റും പരിഷ്കരിച്ച ബജറ്റും പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആദ്യ ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 3773030 | 3773030 |
| വരവ് | 124221000 | 107514803 |
| ആകെ | 127994030 | 111287833 |
| ചെലവ് | 124383000 | 105339307 |

### 1-3 സാമ്പത്തികനില

കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് (01.04.2022) | 9193434 |
| ഓഡിറ്റ് വർഷത്തെ വരവ് | 27232132 |
| ആകെ | 36425566 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 22904344 |
| നീക്കിയിരിപ്പ് (31.03.2023) | 13521222 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 90205044 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 114379750 |
| പ്രവർത്തന നഷ്ടം (Gross Deficit) | 24174706 |

| | |
|---|---|
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 6624 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 24181330 |

2022-23 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 805143 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് / നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13883000 | 13883000 | 11820098 | 2062902 | 85.14 |
| വികസനഫണ്ട് എസ് സി പി | 0 | 1910000 | 1910000 | 1712022 | 197978 | 89.63 |
| വികസനഫണ്ട് റ്റി എസ് പി | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 18727000 | 18727000 | 15034699 | 3692301 | 80.28 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 4570000 | 4570000 | 2045655 | 2524345 | 44.76 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 6152 | 1633798 | 1639950 | 1602599 | (*) 37351 | 97.72 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 448154 | 2954200 | 3402354 | 1285300 | (**) 2117054 | 37.78 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 1631 | 15612692 | 15614323 | 15611274 | 3049 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 597395 | 640200 | 1237595 | 405018 | 832577 | 32.72 |
| ശുചിത്വമിഷൻ ഗ്രാന്റ് | 690237 | 457561 | 1147798 | 457561 | 690237 | 39.86 |
| ഹെൽത്ത് ഗ്രാന്റ് | 0 | 55785 | 55785 | 55000 | 785 | 98.59 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗണോസ്റ്റിക്സ് | 0 | 182237 | 182237 | 0 | 182237 | 0 |

| | | | | | | |
|---|---|---|---|---|---|---|
| & ഇൻഫ്രാസ്ലക്ചർ | | | | | | |
| ലൈഫ് മിഷൻ State Share | 0 | 1300000 | 1300000 | 1300000 | 0 | 100 |
| ജലനിധി | 1017884 | 2120407 | 3138291 | 1910585 | 1227706 | 60.87 |

(*) ട്രഷറി വഴി ലഭിച്ച അലോട്ട്മെന്റിൽ 17/- രൂപ ചെലവഴിയ്ക്കാൻ അവശേഷിയ്ക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(**) ട്രഷറി വഴി ലഭിച്ച അലോട്ട്മെന്റിൽ 65,900/- രൂപ ചെലവഴിയ്ക്കാൻ അവശേഷിയ്ക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1351480 രൂപ, 85132 രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. പ്രസ്തുത തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ മേൽ തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് മേൽ വരവുകൾ ഉൾപ്പെട്ടിട്ടില്ല. ഈ വ്യത്യാസം നിലനിൽക്കെയാണ് അനുബന്ധം 2 ആയി ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്. ഉറവിടത്തിൽ കുറവ് ചെയ്ത തുകകൾ ജി ഒ പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 179/22-23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 325340 | വികസനഫണ്ട് പൊതുവിഭാഗം |
| 192/22-23 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 325340 | വികസനഫണ്ട് പൊതുവിഭാഗം |
| 177/22-23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 233600 | വികസനഫണ്ട് പൊതുവിഭാഗം |
| 178/22-23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 233600 | വികസനഫണ്ട് പൊതുവിഭാഗം |
| 191/22-23 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 233600 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1351480 | |
| 180/22-23 ലൈഫ് മിഷൻ വായ്പ മുതൽ | 42566 | വികസനഫണ്ട് എസ്.സി.പി. |

| | | |
|---|---|---|
| തിരിച്ചടവ് ( എസ്.സി.പി. ) | | |
| 193/22-23<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 42566 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 85132 | |

1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.07.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 11.05.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 1(1)/ 6.12.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 28.12.2021, 02.01.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 21.05.2022 മുതൽ 28.05.2022 വരെ |
| ആസൂത്രണസമിതി യോഗം | 31.12.2021 |
| വികസനസെമിനാർ | 04.06.2022 |
| ഗുണഭോക്തൃതതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 03.08.2022, മുതൽ 05.08.2022 വരെ |
| വികലാംഗ ഗ്രാമസഭ | 24.05.2022 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 146 | 100960530 | 115 | 40635951 | 31 | 78.76 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്കുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്കുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 1619350 | 7 | 1494070 |
| വെറ്റിനറി സർജൻ | 5 | 2312000 | 4 | 671000 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 1399725 | 6 | 963438 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 415000 | 2 | 414996 |
| മെഡിക്കൽ ഓഫീസർ | 3 | 218995 | 3 | 218173 |

| | | | | |
|---|---|---|---|---|
| ഹോമിയോ | | | | |
| വി.ഇ.ഒ മേവട | 8 | 44737344 | 8 | 7216800 |
| വി.ഇ.ഒ കൊഴുവനാൽ | 12 | 3763580 | 9 | 2549925 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 4027331 | 9 | 3031395 |
| സെക്രട്ടറി | 40 | 14751384 | 30 | 6228749 |
| അസിസ്റ്റന്റ് എൻജിനീയർ | 48 | 26434483 | 34 | 16646854 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 867679 | 1 | 817679 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 2 | 413659 | 2 | 382672 |
| ആകെ | 146 | 100960530 | 115 | 40635951 |

8477526/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 8477526/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 13883000 | 11820098 | 2062902 |
| വികസന ഫണ്ട് (എസ്.സി.പി) | 1910000 | 1712022 | 197978 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 18727000 | 15034699 | 3692301 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4570000 | 2045655 | 2524345 |
| ആകെ | | | 8477526 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 84 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. നിക്ഷേപ പ്രവൃത്തികൾ- 319971 രൂപ വിനിയോഗിക്കാതെ കെ.എസ്.ഇ.ബി.യുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 319971/- രൂപയുടെ വിനിയോഗ വിവരം ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനം ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 55 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 232 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 220 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 162 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആകെ ചെലവ് 156.11 ലക്ഷം രൂപ. 31311 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 216 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 90 അയൽക്കൂട്ടങ്ങളിൽ 90 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 571 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 1631 | 1202399 | 1204030 | 1200981 | 3049 |
| ഇ.എഫ്.എം.എസ് | 0 | 14410293 | 14410293 | 14410293 | 0 |
| ആകെ | 1631 | 15612692 | 15614323 | 15611274 | 3049 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 360 | 2 |
| വാർദ്ധക്യകാലപെൻഷൻ | 14284200 | 9605 |
| കർഷകതൊഴിലാളി പെൻഷൻ | 1113600 | 792 |
| വിധവാപെൻഷൻ | 4521000 | 2884 |
| 50 വയസിലധികം പ്രായമുള്ളവർക്ക് നൽകുന്ന അവിവാഹിത പെൻഷൻ | 329000 | 210 |
| വികലാംഗപെൻഷൻ | 1527400 | 994 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 തീയതി 3.04 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 29,495/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് വളരെ മികച്ചതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ , അക്കൗണ്ടിംഗ് സംബന്ധമായ രജിസ്റ്ററുകൾ എന്നിവ അക്കൗണ്ടിംഗ് ചട്ടപ്രകാരം പരിപാലിച്ചുപോരുന്നുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി വിലയിരുത്തി റിപ്പോർട്ട് പ്രോജക്റ്റ് ഫയലിനൊപ്പം ചേർത്ത് സൂക്ഷിക്കേണ്ടതുമാണ്. വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനത്തിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.07.2022 | 03/2022 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2018 മുതൽ 16.02.2018 വരെ | 2016-17 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/ 8എ-2770/36 തീയതി 06.04.2018 |

## 1-11 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% നികുതി വർദ്ധനവ് വരുത്തേണ്ടതാണ്. 2022-23 ൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്, ഉപയോഗക്രമം | കെട്ടിട നമ്പർ | റോഡ് | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന വസ്തുനികുതി | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ട |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | വർദ്ധനവ് 20% |
| കെ.ജെ.ചാക്കോ, പാർപ്പിടാവശ്യം | 11/480 A | 5 മീറ്ററോ അതിൽ കൂടുതലോ-കൊഴുവനാൽ -കാഞ്ഞിരമിറ്റം | 204.68 | 1023.4 | 205 |
| മനോജ് ജോസ്, ഒരപ്പാക്കൽ പാർപ്പിടാവശ്യം | 3/163 ബി | 5 മീറ്ററോ അതിൽ കൂടുതലോ-കൊഴുവനാൽ-ചേർപ്പുങ്കൽ | 66.53 | 332.65 | 67 |

ഓഡിറ്റ് എൻക്വയറി നം.13/29.09.2023 ന് വസ്തുനികുതി പുനർ നിർണ്ണയിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി നിർണ്ണയത്തിൽ മേൽ ചേർക്കും പ്രകാരം അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിക്കേണ്ടതും നികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 തോടനാൽ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന 45206/- രൂപ പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് മേവിട Relief-3169 എന്ന അക്കൗണ്ട് നിലവിലുണ്ട്. ടി അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ Deposit Amount എന്ന ഇനത്തിൽ 25.02.2015 ൽ 45206/- രൂപ നിക്ഷേപം ഉള്ളതായി Bank Statementൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 532/- രൂപയാണ് (1.2%) പലിശയിനത്തിൽ അക്കൗണ്ടിൽ വന്നിരിക്കുന്നത്. ടി തുക മാസാന്ത്യം തയ്യാറാക്കുന്ന ബാങ്ക് ബുക്ക്-പാസ് ബുക്ക് പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി നം.16/29.09.23 ന് ലഭ്യമാക്കിയ മറുപടിയിൽ ടി തുക സംബന്ധിച്ച് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.
ടി തുക കൂടി ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-13 കാലഹരണപ്പെട്ട നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്തിട്ടില്ല.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ കണ്ടുകെട്ടാവുന്നതുമാണ്. എന്നാൽ ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 31.03.2023 ൽ 12,500/- രൂപ ബാലൻഷീറ്റ് പ്രകാരവും രജിസ്റ്റർ പ്രകാരവും അവശേഷിക്കുന്നുണ്ട്.
2) 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നിക്ഷേപങ്ങൾ ഏകദേശം 3 മുതൽ 5 വർഷങ്ങൾക്ക് മുൻപ് ലഭ്യമായത് വരെ നിലവിലും ക്യാരി ഓവർ ചെയ്തുവരുന്നതായി കാണുന്നു. 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത വാടക നിക്ഷേപം ഒഴികെയുള്ള നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് ഭരണസമിതിയുടെ അനുമതിയോടുകൂടി മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു (Kerala Financial Code Vol-1, Article-282). 2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി മുന്നിരിപ്പ് വിശദാംശം ലഭ്യമായിരിക്കെ കാലഹരണപ്പെട്ടവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.1/25.09.2023 ന് ലഭ്യമാക്കിയ മറുപടിയിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി അറിയിക്കുമെന്ന് വ്യക്തമാക്കി.

തുടർ നടപടി സ്വീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-14 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ -ചെലവഴിക്കാതെ അവശേഷിക്കുന്നത് പഞ്ചായത്ത് ഫണ്ടിന് ബാധ്യത

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. 31/03/2023 ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100162 | സർവ്വ ശിക്ഷ അഭയാൻ | 106097 |
| 2 | 320100196 | കേന്ദ്രാവിഷ്കൃത പദ്ധതി-ഐ.സി.ഡി.എസ് | 832577 |
| 3 | 320100198 | ശുചിത്വമിഷൻ ഗ്രാന്റ് | 690237 |
| 4 | 320300199 | മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 7846 |
| 5 | 320700305 | സ്പെസിഫിക്ക് പർപ്പസ് പ്രോജക്റ്റുകൾക്കുള്ള വിഹിതം-ജില്ലാ പഞ്ചായത്ത് | 211249 |
| 6 | 320800101 | ബെനിഫിഷറി കോൺട്രിബ്യൂഷൻ | 258737 |

സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ 27.1.2017ന്റെ ലംഘനമാണ്.
ഓഡിറ്റ് എൻക്വയറി നം.15/29.09.2023 ന് ലഭ്യമാക്കിയ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മേൽ നിർദ്ദേശാനുസരണം തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തുക നൽകിയ ഏജൻസികളിലേയ്ക്ക് തിരികെ അടച്ച് പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

1-15 അധിക വിഭവ സമാഹരണം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നത് 17.06.2023 ലെ 6(1) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

വസ്തു നികുതി

ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കിലാണ് നിലവിൽ വസ്തുനികുതി ഈടാക്കുന്നത്. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അപ് ലോഡ് ചെയ്തിട്ടില്ല. അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ

തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

തൊഴിൽ നികുതി

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2020-21 ൽ 64 സ്ഥാപനങ്ങളാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 2022-23 വർഷം 63 സ്ഥാപനങ്ങളാണ് നികുതി അടച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച് പരിശോധന നടത്തേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

വിനോദ നികുതി

ടർഫ് കോർട്ട്, ഇൻഡോർ സ്റ്റേഡിയം മുതലായവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യതകൾ ഭരണസമിതി പരിശോധിച്ചിട്ടില്ല.

നികുതിയേതര വരവുകൾ

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 241 സ്ഥാപനങ്ങളാണ് നിയമാനുസൃത ലൈസൻസ് എടുത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 789 ഓളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്ത് വാടകയ്ക്ക് നൽകുന്നുണ്ട്.

ഇതര വിഭവസമാഹരണ മാർഗ്ഗങ്ങൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 189/23 എന്ന പ്രോജക്ട് മുഖേന 13100/- രൂപ (വികസന ഫണ്ട്, ബിൽ നം. 42/29.03.23) ചെലവഴിച്ച് UPS ന് പുതിയ ബാറ്ററി വാങ്ങിയിരുന്നു. പഴയ ബാറ്ററി (Exide 130 Ah Tubular Battery) ഓഫീസിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്. ആയത് ലേലനടപടി സ്വീകരിച്ച് വിറ്റഴിച്ച് തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസ് (KL 35 A 9156 ) ലോഗ് ബുക്കിൽ 14/03/23 വരെയാണ് രേഖപ്പെടുത്തൽ ഉള്ളത്. കാലപ്പഴക്കം മൂലം നിലവിൽ ആംബുലൻസ് സഞ്ചാരയോഗ്യമല്ല. വാഹനം കണ്ടം ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

1-16 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വില സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

കൊഴവനാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിരുന്നില്ല. റോഡ് മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| 68/23 മനക്കുന്ന്- വടയാർ റോഡ് മെയിന്റനൻസ് വാർഡ്- 9 | 35 | വില 8330/- ജി.എസ്.ടി 18%- 1499/- |

| | | | |
|---|---|---|---|
| കരാറുകാരൻ-മാത്തച്ചൻ എം വടാന | | | |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3/25.09.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാരൽവില 8330 രൂപയും ജി.എസ്.ടി 1500 രൂപയും ഉൾപ്പടെ 9830 രൂപ രസീത് നം. 1230500004/G050503/10.01.2023 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയതായി അറിയിച്ചു. ടി തുക ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 വികസന പദ്ധതികളുടെ ഉദ്ഘാടനം-തുടർ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വാർഷിക പ്രോജക്റ്റ് പൂർത്തീകരണം - ഉദ്ഘാടനം എന്ന ഇനത്തിൽ ചുവടെ ചേർക്കും വിധം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നം / തീയതി | ചെലവ് വിവരം | തുക |
|---|---|---|---|
| 1 | 22200651/25-01-23 | ഉദ്ഘാടനത്തിനാവശ്യമായ സജ്ജീകരണങ്ങൾ - പൂക്കൾ, ട്രോഫി , ശിലാഫലകം മുതലായവ വാങ്ങിയതിനുള്ള ചെലവ് | 3942 |
| 2 | 22200651/25-01-23 | ശിലാ ഫലകം - 7000<br>ഓറഞ്ച് ഗ്രാഫിക്സ് (സ്റ്റേഷനറി) - 3380<br>അനൗൺസ്മെന്റ് - 13000 | 23380 |
| 3 | 22200653/25-01-23 | മന്ത്രി പങ്കെടുക്കുന്ന പൊതുപരിപാടിയ്ക്ക് സ്റ്റേജ് ,അലങ്കാരങ്ങൾ | 12040 |
| 4 | 22200660/27-01-23 | പ്രിന്റിംഗ് ചാർജ് , ബാനർ | 7000 |
| 5 | 22200697/27-01-23 | മറ്റ് ചെലവുകൾ | 7000 |
| | | ആകെ | 53,362 |

പഞ്ചായത്ത് രാജ് ആക്ട് 213(4) പ്രകാരം അസാധാരണചെലവിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/26.09.23) മറുപടിയായി വിവിധ വികസന പദ്ധതികൾ, പകൽ വീടിന്റ ഉദ്ഘാടനം, ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ട സമർപ്പണം എന്നിവ ഉൾപ്പെടെയുള്ള ഉദ്ഘാടന ചടങ്ങ് ആയിരുന്നെന്നും ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഒന്നാംഘട്ട സമർപ്പണത്തിനായി മന്ത്രി പങ്കെടുത്ത സാഹചര്യത്തിലാണ് സ.ഉ (സാധാ)1255/22/തസ്വഭവ/19.05.22 പ്രകാരം തുക ചെലവഴിച്ചതെന്നും മറുപടി നൽകി. ഈ ചടങ്ങിനോടനുബന്ധിച്ചാണ് പഞ്ചായത്തിന്റെ ആറ് വികസന പദ്ധതികളുടെയും ഉദ്ഘാടനം നിർവ്വഹിച്ചത്. പ്രസ്തുത പദ്ധതികളിൽ പകൽവീട് നാളിതു വരെ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന് പ്രാദേശിക പരിശോധനയിൽ കണ്ടു. 2022-23 വാർഷിക പദ്ധതിയിൽ പകൽവീട് നിർമ്മാണം ഉൾപ്പെട്ടിരുന്നുമില്ല. കെഴുവംകുളം വനിത ഫിറ്റ്നെസ്സ് സെന്ററും പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല. വികസന പ്രവൃത്തികൾ ഉദ്ഘാടന ചടങ്ങുകളിലൊതുങ്ങിപ്പോകാതെ ശരിയായ തുടർപ്രവർത്തനം നടക്കുന്നുണ്ടെന്ന് പ്രോജക്റ്റ് മോണിട്ടറിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും

ഉറപ്പ് വരുത്തേണ്ടതാണ്. പകൽ വീട്, കെഴവംകുളം വനിത ഫിറ്റ്നെസ്സ് സെന്റർ എന്നിവ പ്രവർത്തന ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-18 ദിവസ വേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ നിയമനം - സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

ജി.ഒ(പി) 28/16/ധന/26.02.2016 , ജി.ഒ (പി) 56/17/ധന/28.04.17 സർക്കാർ ഉത്തരവുകൾ കരാർ/ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽ രണ്ടു വർഷത്തെ കാലാവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കാവൂ എന്നും ദിവസ വേതന ജീവനക്കാരെ തുടർന്ന് നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി/ഭരണവകുപ്പ് വിലയിരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഡേറ്റാ എൻട്രി ഓപ്പറേറ്ററായ സിന്ധു ആർ, കംഫർട്ട് സ്റ്റേഷൻ ക്ലീനർ ഡാലിയാ ജോണി എന്നിവർ വർഷങ്ങളായി ദിവസ വേതന വ്യവസ്ഥയിൽ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നവരാണ്. ശ്രീമതി സിന്ധുവിന്റെ നിയമന ആവശ്യകത ഭരണസമിതി വിലയിരുത്തി നിയമനം ഓരോ വർഷത്തേയ്ക്കും പുതുക്കി നൽകുന്നുണ്ട്. ശ്രീമതി ഡാലിയാ ജോണിയുടെ നിയമന ആവശ്യകതയും ഭരണസമിതി വിലയിരുത്തി നിയമനം ഓരോ വർഷത്തേയ്ക്കും പുതുക്കി നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. ദീർഘകാലമായി ദിവസവേതനത്തിൽ തുടരുന്ന ഇവരുടെ നിയമനത്തിന് സർക്കാർ അനുമതി തേടുന്നത് അഭികാമ്യമായിരിക്കും.

1-19 വാഹനങ്ങളുടെ പരിപാലനം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബൊലേറോ ജീപ്പ് (KL 35 D 5000 ), ആംബുലൻസ് (KL 35 A 9156 ) എന്നിവയുടെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ പ്രാബല്യം 01/12/2022 ൽ അവസാനിച്ചിട്ടുണ്ട്. തുടർന്ന് മൈലേജ് ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/26.09.23) ഉടൻ തന്നെ മൈലേജ് ടെസ്റ്റ് നടത്തി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി നൽകി. ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ആംബുലൻസ് കണ്ടം ചെയ്യാൻ നടപടി സ്വീകരിക്കുക

പഞ്ചായത്ത് ആംബുലൻസ് ലോഗ് ബുക്കിൽ 14/03/23 വരെയാണ് രേഖപ്പെടുത്തൽ ഉള്ളത്. 2009 ൽ വാങ്ങിയ വാഹനം 2024 ൽ 15 വർഷം പൂർത്തിയാക്കും. വാഹനം നിലവിൽ ഓടുന്നില്ല. ആംബുലൻസ് സഞ്ചാരയോഗ്യമല്ലെങ്കിൽ വാഹനം കണ്ടം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-20 പഴയ യുപിഎസ് ബാറ്ററി - ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 189/23 എന്ന പ്രോജക്ട് മുഖേന 13100 രൂപ (വികസന ഫണ്ട്, ബിൽ നം . 42/29.03.23) ചെലവഴിച്ച് UPS ന് പുതിയ ബാറ്ററി വാങ്ങിയിരുന്നു. പഴയ ബാറ്ററി (Exide 130 Ah Tubular Battery) ഓഫീസിൽ തന്നെ സൂക്ഷിച്ചിട്ടുണ്ടെന്നും ലേലനടപടി സ്വീകരിച്ച് വിറ്റഴിക്കുന്നതാണെന്നും ലേല നടപടി സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19/30.09.23 ന് മറുപടി ലഭ്യമാക്കി. ലേല നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 ദുരിതാശ്വാസ നിധി - അപേക്ഷകളുടെ ആധികാരികത സബ്കമ്മിറ്റി പരിശോധിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി ചെലവഴിക്കൽ ശ്ലാഘനീയമാണ്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ തൻവർഷം ലഭിച്ച 44,218/- രൂപ വരവിൽ 31400/- രൂപയും ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചില അപേക്ഷകൾ പൂർണ്ണമല്ല. രോഗവിവരം ഉൾപ്പെടുന്ന ഡോക്ടറുടെ സാക്ഷ്യപത്രമില്ലാതെ ഒ.പി ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

| വൗച്ചർ നം | തുക |
|---|---|
| 22200445/20-10-22 | 1000 |
| 22200699/10-02-23 | 1000 |

പഞ്ചായത്ത് പ്രസിഡണ്ടും, സെക്രട്ടറിയും ഉൾപ്പെടുന്ന സബ്കമ്മിറ്റി അപേക്ഷകളുടെ ആധികാരികത കൃത്യമായി പരിശോധിച്ച് ധനസഹായം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് വിവരങ്ങൾ ആധികാരികമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാർ പ്രോജക്ട് അസിസ്റ്റന്റ് എന്നിവർ തൻവർഷം ആർജ്ജിതാവധി സറണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകം ആരംഭിച്ചിട്ടില്ലാത്തതിനാൽ ആർജ്ജിതാവധി അക്കൗണ്ട് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ചുവടെ ചേർക്കുന്ന ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| പേര് | തസ്തിക |
|---|---|
| മെൽബാ ജയിംസ് | പ്രോജക്ട് അസിസ്റ്റന്റ് |
| എൻ ആർ ഇ ജി എ | |
| ശ്യം സുന്ദർ R V | അക്രെഡിറ്റഡ് എൻജിനീയർ |
| ആതിര എം നായർ | ഓവർസിയർ |
| ജിൻസി മാത്യു | അക്കൗണ്ടന്റ് |
| ജയലക്ഷ്മി പി | അക്കൗണ്ടന്റ് |

1-23 NREGA ഭരണച്ചെലവ് ആകെ ചെലവിന്റെ അഞ്ച് ശതമാനത്തിൽ അധികരിക്കാതിരിക്കാൻ നടപടി സ്വീകരിക്കുക

സ. ഉ. (സാധാ) 1552/2019/തസ്വഭവ/23.07.19 പ്രകാരം ഗ്രാമപഞ്ചായത്തുകൾ ജീവനക്കാർക്കുള്ള ഭരണച്ചെലവ് ആകെ തൊഴിലുറപ്പ് പദ്ധതി ചെലവിന്റെ അഞ്ച് ശതമാനത്തിൽ അധികരിക്കാതെ നിലനിർത്തേണ്ടതും ആയത് അധികരിക്കുന്നപക്ഷം പ്രസ്തുത ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. 2022-23 വാർഷിക കണക്കുകൾ പ്രകാരം ആകെ തൊഴിലുറപ്പ് പദ്ധതി ചെലവ് 1,56,11,274 രൂപയും തൻവർഷത്തെ ആകെ ഭരണ ചെലവ് 12,00,981 രൂപയുമാണ്. (ആകെ ചെലവിന്റെ 7.69 %). ഭരണച്ചെലവ് അഞ്ച് ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ വേതനം ഉത്തരവ് പ്രകാരം ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/26-05-23) മറുപടിയായി കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് ഭരണനിർവ്വഹണച്ചെലവ് 5% ത്തിൽ പരിമിതപ്പെടുത്തുന്നതാണെന്ന മറുപടി നൽകി. തുടർനടപടികൾ സ്വീകരിച്ച് പദ്ധതി ചെലവ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും ഭരണനിർവ്വഹണച്ചെലവ് ശതമാനം പരിമിതപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതുമാണ്

1-24 പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിശദമായ എസ്റ്റിമേറ്റ്/പൂർത്തീകരണ വിവരം ഫയലിൽ ലഭ്യമായില്ല. നിർവ്വഹണ ഏജൻസിയുമായി

കരാറിലേർപ്പെട്ടിരുന്നെങ്കിലും പൂർത്തീകരണ കാലയളവ് പരാമർശിച്ചിരുന്നില്ല.

| പ്രോജക്ട് നം/ പ്രോജക്ട് | തുക/ഫണ്ട്/ബിൽ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|
| 40/23 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | വികസന ഫണ്ട് (പൊതു) - 128 രൂപ(ബിൽ നം. 34/25.02.23) സി എഫ് സി - 200000 (ബിൽ നം. 128/03-02-23) ആകെ - 200128 രൂപ | അസി. എഞ്ചിനീയർ പൈക, കിടങ്ങൂർ സെക്ഷനുകളിൽ നിന്ന് Detailed Estimate നൽകിയിട്ടില്ല. പൂർത്തീകരണ വിവരം ലഭ്യമായില്ല. |
| 08/23 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | സി എഫ് സി - 119971 രൂപ (ബിൽ നം .125/03-02-23) | അസി. എഞ്ചിനീയർ പൈക, കിടങ്ങൂർ സെക്ഷനുകളിൽ നിന്ന് Detailed Estimate നൽകിയിട്ടില്ല. പൂർത്തീകരണ വിവരം ലഭ്യമായില്ല. |
| 34/23 ഐ. കെ. എം. ഫണ്ട് അടവാക്കൽ | വികസന ഫണ്ട് (പൊതു) - 34313 രൂപ (ബിൽ നം. 8/22.08.22) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 3,54,412/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 വനിത ഫിറ്റ്നെസ് സെന്റർ പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് ഫിറ്റ്നെസ് സെന്റർ |
| പ്രോജക്ട് നമ്പർ | 129/22-23 |
| അടങ്കൽ | 171878(വികസന ഫണ്ട്(പൊതുവിഭാഗം) |
| ചെലവ് | 171878 |
| ബിൽ നം &തീയതി | 111/20.01.2023 |

സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി.28/05/2022-ാം നമ്പർ ഉത്തരവ് 7.7.5പ്രകാരം ഗ്രാമപഞ്ചായത്തിന് ഓപ്പൺ ജിം ആരംഭിക്കാവുന്നതാണ്. സ്കൂളുകളിലും പൊതു ഇടങ്ങളിലും പാർക്കുകളിലും സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ഒഴിവു സമയങ്ങളിൽ എല്ലാവർക്കും വ്യായാമം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകണം. എന്നാൽ വനിതകൾക്കായി ആരംഭിച്ച മേൽ പ്രൊജക്ടിൽ ലൈബ്രറിയ്ക്കുള്ളിലാണ് ജിം ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ഉപകരണങ്ങൾ ലൈബ്രറിയിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ ഇവ വേണ്ട രീതിയിൽ ആളുകൾക്ക് പ്രയോജനപ്പെടുന്നില്ല. മാത്രമല്ല നിലവിൽ ലൈബ്രറി 6 മണി മുതൽ 8 മണി വരെ മാത്രമാണ് പ്രവർത്തിക്കുന്നത്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഫിറ്റ്നെസ് ഉപകരണങ്ങൾ വാങ്ങിയത് ടെണ്ടർ വിളിച്ച് ലോക്കൽ പർച്ചേസിലൂടെ 'M/S Body Plus Sports &Fitness Equipement Stores', തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ആണ്. മേൽ പ്രോജക്ടിന് ഈ മാർഗ്ഗം സ്വീകരിക്കാതെ ലോക്കൽ പർച്ചേസിലൂടെയാണ് വാങ്ങിയിരിക്കുന്നത്. സ്റ്റോഴ്സ് പർച്ചേസ് മാനുവൽ ഖ. 7.31 അനുസരിച്ച് കുറഞ്ഞത് 3 വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കണം എന്നാൽ മേൽ പ്രോജക്ടിന് 2 സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ ടെണ്ടർ ലഭിച്ചിട്ടുള്ളൂ. ടെണ്ടർ നോട്ടീസിന്റെ കോപ്പി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. സർക്കാർ വെബ്സൈറ്റിലും മേൽ പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. കെഴവംകുളത്ത് സ്ഥിതി ചെയ്യുന്ന പബ്ലിക് ലൈബ്രറിയ്ക്കാണ് മേൽ ഉപകരണങ്ങൾ നൽകിയിട്ടുള്ളത്. ഈ ലൈബ്രറി പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ളതല്ല. ഈ സ്ഥാപനത്തിൽ 27/09/2023 ന് നടത്തിയ പ്രദേശിക പരിശോധനയിൽ മേൽ സ്ഥാപനത്തിൽ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ കാര്യക്ഷമമായി ഉപയോഗിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. കൂടാതെ ഇവ മേൽ സ്ഥാപനത്തെ ഏല്പിച്ചതിന് യാതൊരു കരാറോ രേഖകളോ ഇല്ല. കൂടാതെ ഇവയുടെ തുടർ നടത്തിപ്പ് ആരെയും ചുമതലപ്പെടുത്തിയതായും കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 29.09.2023-ലെ 17-ാം നമ്പർ എൻക്വയറി നൽകിയതിന് ലഭിച്ച മറുപടി തൃപ്തികരമല്ല. മേൽ ജിം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും ഉപകരണങ്ങൾ ലൈബ്രറിയ്ക്ക് അവയുടെ നടത്തിപ്പിനായി കൈമാറിയതിന് കരാർ വയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ പ്രോജക്ടിനായുള്ള (ഇൻവോയ്സ് നം.സിഎ/194 തീയതി.26.12.2022) 171878/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 പന്ന്യാമറ്റം എസ്. സി. സാംസ്കാരിക നിലയത്തിന് ടോയിലറ്റ്- ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.

പ്രോജക്ട് നം. 28/23 ( 170/22 )

അടങ്കൽ- 40000 രൂപ

ചെലവ്- 278853 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്- 120000/- രൂപ, സാംങ്ഷൻ ഓർഡർ നം. 151/ 14.02.23 + കേന്ദ്രാവിഷ്കൃത ഫണ്ട്- 158853 രൂപ, സാംങ്ഷൻ ഓർഡർ നം. 143/ 08.02.23 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ.

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2022-23 ൽ പൂർത്തിയാക്കിയതാണ് മേൽ പ്രോജക്ട്. വാർഡ് 8 ൽ സ്ഥിതിചെയ്യുന്ന എസ്.സി. സാംസ്കാരിക നിലയത്തിന് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനാണ് പ്രോജക്ട് ഏറ്റെടുത്തത്. 27.09.23 ൽ സ്ഥലപരിശോധന നടത്തിയതിൽ ടോയിലറ്റ് നിർമ്മാണം പൂർത്തിയാക്കിയതായി കണ്ടു. എന്നാൽ സാംസ്കാരിക നിലയത്തിനും ടോയ്‌ലറ്റിനും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്ന് കണ്ടു. തുടർ പ്രോജക്ടുകൾ ഏറ്റെടുത്ത് സാംസ്കാരിക നിലയത്തിനും ടോയ്‌ലറ്റിനും ഇലക്ട്രിഫിക്കേഷൻ നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടോയ്‌ലെറ്റ് ഉപയോഗപ്രദമാക്കുന്നത് വരെ 278853/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം | നിലവിലെ ഘട്ടം |
|---|---|---|---|---|
| മനേഷ് ജോസ്/ | 40000 | 04.12.2021 | വികസന ഫണ്ട് | ലിന്റൽ വരെ പൂർത്തിയാക്കി |

| | | | | |
|---|---|---|---|---|
| ശ്രീജമോൾ, പാടിയ്ക്കൽ, തോടനാൽ | | | | |
| | 160000 | 17.02.2022 | വികസന ഫണ്ട് | |
| | 100000 | 22.03.2022 | വികസന ഫണ്ട് | |
| ആകെ | 300000 | | | |
| കനകമ്മ, കുന്നംപുറത്ത്, തോടനാൽ | 40000 | 04.12.2021 | വികസന ഫണ്ട് | ലിന്റൽ വരെ പൂർത്തിയാക്കി |
| | 160000 | 09.02.2022 | വികസന ഫണ്ട് | |
| | 100000 | 09.03.2022 | വികസന ഫണ്ട് | |
| ആകെ | 300000 | | | |
| മോളി അജി, ഒറ്റപ്ലാക്കൽ, തോടനാൽ | 40000 | 10.01.2022 | വികസന ഫണ്ട് | ലിന്റൽ വരെ പൂർത്തിയാക്കി |
| | 160000 | 09.03.2022 | വികസന ഫണ്ട് | |
| | 100000 | 19.08.2022 സാംങ്ഷൻ ഓർഡർ നം. 26/ 19.08.2022 | ഹഡ്കോ വായ്പ | |
| ആകെ | 300000 | | | |

മേൽ മൂന്ന് ഗുണഭോക്താക്കൾക്കും 2020-21 ൽ ലൈഫ് ഭവന പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിരുന്നു. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്തപക്ഷം മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 40000 രൂപ വീതം മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | സാംങ്ഷൻ ഓർഡർ | ഫണ്ടിനം |
|---|---|---|---|---|
| റോസമ്മ | 40000 | 21.02.2023 | 160/ | വികസന |

| | | | | |
|---|---|---|---|---|
| വർക്കി, നരിവേലിൽ, മേവട (ജനറൽ വിഭാഗം ) | | | 21.02.2023 | ഫണ്ട് |
| ഉഷ വി. ആർ, വലിയപറമ്പിൽ, കൊഴുവനാൽ (എസ്.സി വിഭാഗം ) | 40000 | 25.02.2023 | 185/ 25.02.2023 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ | 80000 | | | |

ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 22.06.2023 | 25.09.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 4/22-23 സാന്ത്വന പരിചരണം | 133782 | 133782 | 0 |

| | | | | |
|---|---|---|---|---|
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 12/22-23 ലൈഫ് ഭവന പദ്ധതി-എസ് സി പി | 540000 | 540000 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 11/22-23 ലൈഫ് ഭവന പദ്ധതി-ജനറൽ | 400000 | 400000 | 0 |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 119/22-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | 75000 | 0 |
| | ആകെ | 1148782 | 1148782 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 19/22-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 199882 | 199882 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 98/22-23 ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി | 175000 | 175000 | 0 |
| | 01/22-23 , അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം | 100000 | 100000 | 0 |
| | 119/22-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 68000 | 68000 | 0 |
| | ആകെ | 542882 | 542882 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നൽകിയ തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | 08/22-23 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ | 119971 | 0 | 119971 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | | |
| കെ എസ് ഇ ബി | 40/22-23 തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 200128 | 0 | 200128 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 58,79,842 | 44,23,842 | 390000 | 7,35,812 | 40,78,030 |
| സമ്പൂർണ്ണ ഭവന പദ്ധതി | | | 49723 | | | 49723 |

സമ്പൂർണ്ണ ഭവന പദ്ധതിക്കായി 49723/- രൂപ ലോണിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1351 ൽ അക്കൗണ്ട് നം.19/25.02.2015ൽ 2,75,483 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,75,483 |

| | |
|---|---|
| സ്ഥിര നിക്ഷേപ നമ്പർ | 19/25.02.2015 |

മേൽ അക്കൗണ്ടിലെ പലിശ തുക അതാത് മാസം (2296/- രൂ വീതം) തോടനാൽ സർവീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നം. 3169) നിക്ഷേപിക്കുന്നു. എൻഡോവ്മെന്റ് ആയാണ് ടി തുക നിക്ഷേപിച്ചിരിയ്ക്കുന്നത്.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3, 2-4,2-5 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി – അപാകതകൾ | ,, |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 36425566 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 22904344 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 805143 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 354412 | ശ്രീ.വിനോദ് കെ, സെക്രട്ടറി (34313/-) |

| | | |
|---|---|---|
| | | ശ്രീ.ജോമോൻ മാത്യു, സെക്രട്ടറി (320099/-) |
| 1-25 | 171878 | ശ്രീമതി ഷെറിൻസ് ജോർജ്ജ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-26 | 278853 | ശ്രീമതി ഗ്രീഷ്മ ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 805143 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തിർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി7/962(4)/22/14.9.22 | 4 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി7/962(5)/22/14.9.22 | 7 |
| 2017-18 | നം.കെ.എസ്.എ-കെ.ടി.എം.പി7/962(6)/22/13.9.22 | 10 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി7/962(6)/22/12.9.22 | 4 |
| 2019-20 | നം.കെ.എസ്.എ-കെ.ടി.എം.പി7/2207/22/8.5.23 | 4 |
| 2020-21 | നം.കെ.എസ്.എ-കെ.ടി.എം.പി7/2206/22/8.5.23 | 9 |
| 2021-22 | നം.കെ.എസ്.എ-കെ.ടി.എം.പി7/2015/22/31.7.23 | 36 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നു. അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 11-05-2023 and submitted on 22-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kozhuvanal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kozhuvanal Grama Panchayat for the year 2022-2023

Date: 17/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kozhuvanal Grama Panchayat for the Year 2022-2023.

**1.Major Observations**

1.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

2.Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year is not available.

3.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated

**2.Other Observations**

1.Cashflow statement -Net increase /decrease in cashflow does not match with the difference between

the opening balance and closing balance of cash and cash equivalents.

Deputy Director
District Audit Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്